പ്രസ്തുത യൂണിയൻ പാലിക്കുന്നതാണെന്നു കാണിക്കുന്ന പ്രമേയവും പ്രസ്തുത പൊതുയോഗത്തിൽ അംഗീകരിക്കേണ്ടതാണ്. ട്രേഡ് യൂണിയൻ ചട്ടങ്ങളിലെ ഫോം 'എ' യിലുള്ള അപേക്ഷയാണ് രജിസ്ട്രേഷനുവേണ്ടി നൽകേണ്ടത്. അതിൽ പൊതുയോഗം ചുമതലപ്പെടുത്തിയിട്ടുള്ള ഏഴ് അപേക്ഷകരും അവരുടെ പേര്, ഒപ്പ്, തൊഴിൽ, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിരിക്കണം. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളും ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

1. പൊതുയോഗം അംഗീകരിച്ച യൂണിയന്റെ ബൈലായുടെ തനി പകർപ്പ് പ്രമേയം ഒന്ന്, രണ്ട്, മൂന്ന്.

2. ട്രേഡ് യൂണിയൻ ചട്ടങ്ങളിൽ നൽകിയിട്ടുള്ള ഒന്നും രണ്ടും നമ്പർ പട്ടികകൾ യഥായോഗ്യം പൂരിപ്പിച്ചത്.

3. ഒരു വർഷത്തിലധികമായി പ്രവർത്തിച്ചുവരുന്ന ട്രേഡ് യൂണിയനാണെങ്കിൽ അതിന്റെ ആസ്തിബാധ്യതകൾ കാണിക്കുന്ന മൂന്നാം നമ്പർ പട്ടികയിലുള്ള സ്റ്റേറ്റ്മെന്റ്.

4. ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ഫീസ് 500 രൂപ "0230-102" എന്ന ശീർഷകത്തിൽ ഒടുക്കിയ ചെല്ലാൻ രസീത്.

അപേക്ഷയിലും ബൈലായിലും ആവശ്യമായ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി അപേക്ഷ അതാതു പ്രദേശത്തുള്ള അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖേന ട്രേഡ് യൂണിയൻ രജിസ്ട്രാർക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രാർ ബന്ധപ്പെട്ട അപേക്ഷ സൂക്ഷ്മ പരിശോധന നടത്തി ട്രേഡ് യൂണിയൻ നിയമത്തിലെ 5,6, എന്നീ വകുപ്പുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുള്ള യൂണിയന് രജിസ്ട്രേഷൻ നൽകുകയാണ് നടപടിക്രമം. ഈ നടപടിക്രമങ്ങളിൽ പുതുതായി പരിഷ്കാരങ്ങൾ ഒന്നും വരുത്തിയിട്ടില്ല.

(സി) ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ഫീസ് 500 (അഞ്ഞൂറ്) രൂപയാണ്. സർക്കാർ ഉത്തരവ് നം. 90/98/എൽ.ബി. ആർ പ്രകാരം 27.10.98 മുതൽ രജിസ്ട്രേഷൻ ഫീസ് 100 രൂപയിൽ നിന്ന് 500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാലാനുസരണമായ ഫീസ് വർദ്ധനവാണ് കാരണം.

(ഡി) കാലാനുസരണമായ ഫീസ് വർദ്ധനവാണ് ഉണ്ടാക്കിയിട്ടുള്ളത് എന്നതിനാൽ വർദ്ധനവ് ഉപേക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടില്ല.

(ഇ) വാർഷികറിട്ടേൺസ് അയയ്ക്കുന്നതിന് പുതുതായ ഒരു പരിഷ്കാരവും വരുത്തിയിട്ടില്ല.

69 (3535) ബാലവേല നിലവിലുള്ള മേഖലകൾ

ഡോക്ടർ എം.എ. കുട്ടപ്പൻ :

ശ്രീ. വി. ബാലറാം :

ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽമേഖലകളിലാണ് ബാലവേല നിലവിലുള്ളത്;

(ബി) സംസ്ഥാനത്ത് ഒട്ടാകെ പ്രായപൂർത്തിയാകാത്ത എത്രപേർ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹോട്ടൽ വ്യവസായത്തിൽ എത്ര ബാലതൊഴിലാളികൾ ഉണ്ട്;

(ഡി) സംസ്ഥാനത്ത് ബാലവേല അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ഇ) സംസ്ഥാനത്ത് എന്നത്തേയ്ക്ക് ബാലവേല പൂർണ്ണമായും അവസാനിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവേ നഗരപ്രദേശങ്ങളിലെ ഹോട്ടലുകൾ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ, മൈനർ എൻജിനീയറിംഗ് വർക്ക് ഷോപ്പുകൾ നിർമ്മാണജോലികൾ എന്നീ മേഖലകളിലാണ് ബാലതൊഴിലാളികൾ പണിയെടുക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുള്ളത്.

(ബി) 1997 മേയ്മാസത്തിൽ സംസ്ഥാനവ്യാപകമായി നടത്തിയ സർവ്വേപ്രകാരം അപകടകരമായ തൊഴിലുകളിൽ 1081 ഉം അപകടകരമല്ലാത്ത തൊഴിലുകളിൽ 8986-ഉം ഉൾപ്പെടെ 10,067 ബാലതൊഴിലാളികൾ (14 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ) പണിയെടുക്കുന്നതായി കണക്കാക്കിയിരിക്കുന്നു.)

(സി) ഹോട്ടൽ മേഖലയിൽ പണിയെടുക്കുന്ന ഏറിയ പങ്ക് ബാലതൊഴിലാളികളും അയൽ സംസ്ഥാനങ്ങളിൽനിന്നും തൊഴിൽ നേടിയെത്തിയവരും, സ്ഥിരമായി ജോലിയിൽ തുടരാത്തവരുമാണ്. അതുകൊണ്ട് അവരുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുവാൻ പ്രായോഗികബുദ്ധിമുട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ബാലവേല അവസാനിപ്പിക്കുവാൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപകടകരവും അല്ലാത്തതുമായ എല്ലാ തൊഴിൽമേഖലകളിലും ബാലവേല സമ്പൂർണ്ണമായി തടയുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിതനയം. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി 1986-ലെ ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 10.12.1996-ലെ സുപ്രീം കോടതി വിധിന്യായത്തിന്റെ വെളിച്ചത്തിൽ 1997 മേയ്മാസത്തിൽ സംസ്ഥാനത്തൊട്ടാകെ പണിയെടുക്കുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള ഒരു സർവ്വേ നടത്തുകയുണ്ടായി. അപകടകരമായ തൊഴിലുകളിൽ പണിയെടുക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം-വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ തൊഴിൽമേഖലയിലും ബാലവേല സമ്പൂർണ്ണമായി നിരോധിക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണം നടത്താനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. ഇവയ്ക്കെല്ലാംപുറമേ യൂണിസെഫ്, അന്തർദേശീയ തൊഴിൽസംഘടന എന്നിവയുടെ സഹകരണത്തോടെ ബാലവേലയ്ക്കെതിരായ ബോധവൽക്കരണ പരിപാടികളും സർക്കാർതലത്തിൽ നടപ്പിലാക്കിവരുന്നു.

(ഇ) വരുന്ന ഏതാനും വർഷങ്ങൾക്കകംതന്നെ (കഴിയുന്നതും രണ്ടു വർഷത്തിനുള്ളിൽ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയ പ്രവർത്തനങ്ങളാണ് തൊഴിൽവകുപ്പ് കൈക്കൊണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly